# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2704

20/06/2019-ൽ മറുപടി
നൽകേണ്ടത്

### പാർവ്വതീപുത്തനാറിനെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. വി. എസ്. ശിവകുമാർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | പാർവ്വതീപുത്തനാറിനെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) | പാർവ്വതീ പുത്തനാറിന്റെ പ്രാരംഭ ശുചീകരണ പ്രവൃത്തികൾ പൂർത്തിയാക്കി. |
| (ബി) | ഏതു ഏജൻസിയുടെ നേതൃത്വത്തിലാണ് പാർവ്വതീ പുത്തനാറിന്റെ ശുചീകരണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) എന്ന കമ്പനിയുടെ നേതൃത്വത്തിലാണ് പാർവ്വതീ പുത്തനാറിന്റെ ശുചീകരണം നടക്കുന്നത്. |
| (സി) | ശുചീകരണത്തിൽ നിന്നും മാക് പ്രോപ്പ് എന്ന കമ്പനി പിൻമാറിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണമെന്താണ് ; പകരം ആരെയാണ് ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | പിൻമാറിയിട്ടില്ല. |
| (ഡി) | ശുചീകരണ പദ്ധതിയ്ക്കായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഡി) | 57 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ഇ) | പാർവ്വതീ പുത്തനാറിന്റെ കരകളിലുള്ള വീടുകളിലെ കക്കൂസ് മാലിന്യങ്ങൾ ഈ ആറിൽ എത്തുന്നത് തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതിനായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഇ) | പാർവ്വതീ പുത്തനാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന, സെപ്റ്റിക് ടാങ്ക് ഇല്ലാത്ത 680 വീടുകൾക്കായി 577 സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാനുള്ള 1.55 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കോർപറേറ്റ് സോഷ്യൽ റെസ്പോൺസി-ബിലിറ്റിയുടെ ഭാഗമായി വള്ളക്കടവ് മുതൽ ആക്കുളം വരെയുള്ള 60 വീടുകൾക്ക് 45 സെപ്റ്റിക് ടാങ്കുകൾ 12 ലക്ഷം രൂപ മുടക്കി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ